(സി&ഡി) മില്ലിലേക്ക് 5 ലക്ഷം രൂപക്ക് മുകളിൽ പോളിസ്റ്റർ വാങ്ങുന്നത് ഇ-ടെണ്ടർ ക്ഷണിച്ചിട്ടല്ല. കേരളത്തിലെ പൊതുമേഖലാ ടെക്സ്റ്റൈൽ മില്ലുകളിലും സഹകരണ മേഖലയിലെ മില്ലുകളിലും പോളിസ്റ്റർ, കോട്ടൺ എന്നിവ വാങ്ങുന്നത് സെൻട്രലൈസ്ഡ് കോട്ടൺ. പർച്ചേസ് കമ്മിറ്റി (CCPC) മുഖേനയാണ്. പോളിസ്റ്റർ വാങ്ങുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചുവെങ്കിലും, പോളിസ്റ്റർ വാങ്ങുമ്പോൾ വാങ്ങുന്ന ദിവസത്തെ വില അനുസരിച്ച് നൽകേണ്ടി വരുന്നതിനാലും, ഇ-ടെണ്ടർ സിംഗിൾ കോട്ട് ആയതിനാലും പോളിസ്റ്റർ പർച്ചേസ് ചെയ്യാൻ ഇ-ടെണ്ടർ മുഖേന പ്രായോഗികമായി കഴിയില്ല. ആയതിനാൽ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് അതാതു മില്ലുകൾ നേരിട്ട പോളിസ്റ്റർ വാങ്ങുന്നതിനായി സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ക്രഡിറ്റ് ഫെസിലിറ്റി അനുവദിച്ചുകൊണ്ടാണ് മില്ലുകളെല്ലാം പോളിസ്റ്റർ വാങ്ങുന്നത്.

ഐ.ടി. മേഖലയിലെ തൊഴിൽ ചൂഷണവും തട്ടിപ്പും

302 (651) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണവും തട്ടിപ്പും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഐ.ടി. മേഖലയിൽ ട്രെയിനിംഗ് എന്ന പേരിൽ യുവാക്കളെയും സർക്കാരിനെയും വഞ്ചിക്കാൻ ശ്രമിക്കുന്ന കമ്പനികളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സർക്കാരിന്റെ ആനുകൂല്യങ്ങൾ മുഴുവനും നേടിയ ശേഷം പൂട്ടിപ്പോകുന്ന കമ്പനികളെ നിയന്ത്രിക്കുന്നതിനായി ഐ.ടി. മേഖലയിൽ പ്രത്യേക നിയമം കൊണ്ടുവരുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു തടയുന്നതിനായി ടെക്നോപാർക്കും ഇൻഫോ പാർക്കും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. ടെക്നോപാർക്ക് :

(I) ഉദ്യോഗാർത്ഥികളിൽ നിന്നും ട്രെയിനിംഗ് എന്ന പേരിൽ പണം വാങ്ങി പരിശീലനം നൽകാൻ പാടില്ലെന്ന് ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികളുമായുള്ള കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ii) വ്യവസ്ഥകൾ പാലിക്കാതെ വീഴ്ച വരുത്തുന്ന കമ്പനികളെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുക, അവരുമായുള്ള കരാറുകൾ റദ്ദാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(iii) ചൂഷണം തടയുന്നതിനായി ഒരു വിജിലൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(iv) ടെക്നോപാർക്കിൽ പരിശീലനം നൽകിയശേഷം ജോലി വാഗ്ദാനം നൽകാമെന്ന കമ്പനികളുടെ പരസ്യം കണ്ട് പൊതുജനങ്ങൾ വഞ്ചിതരാകാതിരിക്കുന്നതിനായി ഇങ്ങനെ വാഗ്ദാന പരസ്യം ചെയ്യുന്ന കമ്പനികളെക്കുറിച്ച് കൂടുതലായി അന്വേഷിക്കണമെന്നും ടെക്നോപാർക്കിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് പ്രധാന പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്.

2. ഇൻഫോപാർക്ക് :

ട്രെയിനിംഗ് എന്ന പേരിൽ കമ്പനികൾ നടത്താൻ അനുവദിക്കാറില്ല. അത്തരം കാര്യങ്ങൾ ഏതെങ്കിലും കമ്പനികൾ ചെയ്യുന്നു എന്ന് ബോദ്ധ്യപ്പെട്ടാലോ പരാതി ലഭിച്ചാലോ അവരെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കാറില്ല. ഇത്തരം പ്രവർത്തനങ്ങൾ നടത്തിയ Nobel softtech, Atees Infomedia എന്നീ കമ്പനി കളുടെ പ്രവർത്തനം ഇൻഫോപാർക്ക് അവസാനിപ്പിച്ചു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരമുള്ള ഓൺലൈൻ സർട്ടിഫിക്കറ്റുകൾ

303 (652) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ഓൺലൈൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വകുപ്പുകളാണ് ഓൺലൈൻ വഴി സർട്ടിഫിക്കറ്റുകൾ അനുവദിച്ചതെന്നും ഓരോ വകുപ്പും എത്ര വീതം സർട്ടിഫിക്കറ്റുകൾ നൽകിയെന്നും വിശദമാക്കാമോ ;

(സി) ഇ -ഡിസ്ട്രിക്ട് പദ്ധതിക്കു കീഴിൽ പുതുതായി നൽകുവാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly